**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 682** **06-12-2022 - ൽ മറുപടിയ്ക്ക്**

**2022-23 സംരഭക വർഷമായുള്ള വ്യവസായ വകുപ്പിന്റെ പ്രഖ്യാപനം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. കുറുക്കോളി മൊയ്തീൻ</td><td colspan="2">ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>വ്യവസായ വകുപ്പ് 2022-23 സംരഭക വർഷമായി പ്രഖ്യാപിക്കുകയും സംസ്ഥാനത്ത് ഒരു ലക്ഷം സംരഭങ്ങൾ ആരംഭിച്ച് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ ലഭ്യമാക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്ത സാഹചര്യത്തിൽ നാളിതുവരെ എത്ര സംരംഭങ്ങൾ ആരംഭിച്ചു എന്നും, എത്ര പേർക്ക് തൊഴിൽ ലഭിച്ചു എന്നും ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;</td><td>(എ)</td><td>2022-23സംരംഭക വർഷത്തിന്റെ ഭാഗമായി കേരളാ ഗവണ്മെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി പദ്ധതി ആരംഭിച്ച് 8 മാസത്തിനുള്ളിൽ2022 നവംബർ 29വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് 95,195 എം.എസ്.എം.ഇ യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുകയും അവയിലൂടെ 5903.61 കോടി രൂപ നിക്ഷേപം വരുകയും, സംസ്ഥാനമൊട്ടാകെ 2,07,884 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.<br><br>ജില്ലതിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>ജില്ല</th><th>ലക്ഷ്യം</th><th>തുടങ്ങിയ സംരംഭങ്ങളുടെ എണ്ണം</th><th>നേട്ടം (%)</th><th>നിക്ഷേപം കോടി രൂപയിൽ</th><th>തൊഴിലവസരങ്ങൾ</th></tr>
<tr><td>തിരുവനന്തപുരം</td><td>14,902</td><td>8,621</td><td>57.85</td><td>546.38</td><td>18,634</td></tr>
<tr><td>കൊല്ലം</td><td>11,775</td><td>9,237</td><td>78.45</td><td>477.29</td><td>19,021</td></tr>
<tr><td>പത്തനംതിട്ട</td><td>5,408</td><td>3,934</td><td>72.74</td><td>175.44</td><td>8,404</td></tr>
<tr><td>ആലപ്പുഴ</td><td>9,666</td><td>7,148</td><td>73.95</td><td>386.58</td><td>15,344</td></tr>
<tr><td>കോട്ടയം</td><td>8,834</td><td>5,520</td><td>62.49</td><td>320.13</td><td>11,580</td></tr>
<tr><td>ഇടുക്കി</td><td>5,007</td><td>2,995</td><td>59.82</td><td>162.68</td><td>6,144</td></tr>
<tr><td>എറണാകുളം</td><td>14,610</td><td>9,437</td><td>64.59</td><td>802.00</td><td>23,025</td></tr>
<tr><td>തൃശ്ശൂർ</td><td>13,533</td><td>9649</td><td>71.3</td><td>497.04</td><td>20,397</td></tr>
<tr><td>പാലക്കാട്</td><td>12,721</td><td>7,851</td><td>61.72</td><td>385.39</td><td>17,316</td></tr>
<tr><td>മലപ്പുറം</td><td>18,601</td><td>9,646</td><td>51.86</td><td>728.62</td><td>22,491</td></tr>
<tr><td>കോഴിക്കോട്</td><td>13,925</td><td>8,502</td><td>61.06</td><td>636.22</td><td>18,781</td></tr>
<tr><td>വയനാട്</td><td>3,687</td><td>2,843</td><td>77.11</td><td>171.01</td><td>5,995</td></tr>
<tr><td>കണ്ണൂർ</td><td>11,366</td><td>6,728</td><td>59.09</td><td>452.23</td><td>14,442</td></tr>
<tr><td>കാസർഗോഡ്</td><td>5,965</td><td>3,084</td><td>51.7</td><td>162.61</td><td>6,310</td></tr>
<tr><td>ആകെ</td><td>1,50,000</td><td>95,195</td><td>63.46%</td><td>5903.62</td><td>2,07,884</td></tr>
</table></td></tr>
<tr><td>(ബി)</td><td>മലപ്പുറം ജില്ലയിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കുമോ?</td><td>(ബി)</td><td>2022-23 സംരംഭക വർഷത്തിന്റെ ഭാഗമായി മലപ്പുറം ജില്ലയിൽ 18601 സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. വിവിധ വകുപ്പുകൾ / ഏജൻസികളുടെ ഏകോപനത്തോടെ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ജില്ലാ കളക്ടർ ചെയർമാനും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറും മറ്റ വകുപ്പിലെ ഉദ്യോഗസ്ഥർ അംഗങ്ങളുമായിട്ടുള്ള ജില്ലാതല മോണിറ്ററിംഗ് കമ്മറ്റിയും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർ ചെയർമാനും ബന്ധപ്പെട്ട വ്യവസായ വികസന ഓഫീസർമാർ കൺവീനറുമായിട്ടുള്ള പഞ്ചായത്ത് തല മോണിറ്ററിംഗ് കമ്മിറ്റിയും നിലവിൽ വന്നിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി ജില്ലയിലെ 94 ഗ്രാമപഞ്ചായത്തുകളിലും 12 മുനിസിപ്പാലിറ്റികളിലുമായി ബി. ടെക് / എം ബി എ യോഗ്യതയുള്ള 122 ഇന്റേൺസിനെ വ്യവസായ വകുപ്പ് നിയമിക്കുകയുണ്ടായി. തിങ്കൾ, ബുധൻ ദിവസങ്ങളിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സംരംഭകരെ സഹായിക്കുന്നതിനായി വ്യവസായ വകുപ്പിന്റെ ഹെൽപ് ഡെസ്ക് പ്രവർത്തിച്ചുവരുന്നു. പുതിയ സംരംഭകരെ കണ്ടെത്തുന്നതിനും സർക്കാർ പദ്ധതികൾ വിശദീകരിച്ചു നല്കുന്നതിനുമായി എല്ലാ തദ്ദേശ സ്വയംഭരണ</td></tr>
</table>

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളിലും ഇന്റേൺസിന്റെ നേതൃത്വത്തിൽ ജൂൺ, ജൂലൈ മാസങ്ങളിൽ ശില്പശാലകൾ നടക്കുകയുണ്ടായി. ജില്ലയിൽ 145 ഓളം ശില്പശാലകളിലായി പതിനായിരത്തിലധികം ആളുകൾ പങ്കെടുത്തു. തുടർന്ന് ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി നടന്ന ലോൺ / ലൈസൻസ് / സബ്സിഡി മേളകളിൽ ആകെ 5042 പേർ പങ്കെടുക്കുകയും 239 സംരംഭകർക്കായി 17.35 കോടിയുടെ ലോൺ അനുവദിക്കുകയും ചെയ്തു.<br><br>സംരംഭക വർഷവുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിൽ 2022 നവംബർ 29 വരെയുള്ളകണക്കുകൾ പ്രകാരം 9,646 സംരംഭങ്ങൾ ആരംഭിക്കുകയുണ്ടായി. 728.62 കോടിയുടെ നിക്ഷേപം ഉണ്ടാവുകയും 22,491 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. ജില്ലയിൽ ആരംഭിച്ച സംരംഭങ്ങളിൽ 1489 എണ്ണം ഉൽപാദന മേഖലയിലും 2995 എണ്ണം സേവന മേഖലയിലും 4645 എണ്ണം കച്ചവട മേഖലയിലുമാണ്. |

സെക്ഷൻ ഓഫീസർ